പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1135 13.12.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ നഴ്സറി അധ്യാപകരും ആയമാരും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ : | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ സർക്കാർ ശമ്പളമോ അലവൻസോ കൈപ്പറ്റി ജോലി നോക്കി വരുന്ന നഴ്സറി അധ്യാപകരുടെയും ആയ മാരുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ; | (എ) എയിഡഡ് സ്കൂളുകളിൽ പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കാൻ സർക്കാരിൽ നിന്നും അനുവാദം നൽകിയിട്ടില്ല. സർക്കാർ സ്കൂളുകളോടനുബന്ധിച്ച് സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളും പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ക്ലാസുകളും പ്രവർത്തിക്കുന്നു. ഇത്തരം പ്രീ-പ്രൈമറി ക്ലാസുകളിലെ അധ്യാപകരുടേയും ആയ മാരുടേയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ നഴ്സറി അധ്യാപകരായും ആയമാർ ആയും ജോലി നോക്കിവരുന്നവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) സംസ്ഥാനത്തെ സർക്കാർ നേരിട്ട് ശമ്പളം നൽകുന്ന അൻപതോളം പ്രീ - പ്രൈമറി സ്കൂളുകൾ നിലവിലുണ്ട്. ഇതിലെ ജീവനക്കാർക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുണ്ട്. മറ്റ് സർക്കാർ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള വ്യവസ്ഥകൾ ഇവർക്കും ബാധകമാണ്. ഇതു കൂടാതെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ കളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന പ്രീ - പ്രൈമറി ക്ലാസുകളുമുണ്ട്. ഇത്തരം പ്രീ - പ്രൈമറി ക്ലാസുകളിലെ ജീവനക്കാർക്ക് ശമ്പളം നൽകേണ്ട ബാധ്യത അതത് പി.ടി.എകൾക്കായിരുന്നു. എന്നാൽ പി.ടി.എകൾ നൽകുന്ന വേതനത്തിനു പുറമേ 2010 ൽ സർക്കാർ സഹായമായി പ്രീ - പ്രൈമറി ടീച്ചർക്ക് 300 രൂപയും ആയയ്ക്ക് 200 രൂപയും പ്രതിമാസം അനുവദിക്കുകയും ഇത് |

2011 ൽ യഥാക്രമം 600 ഉം, 400 ഉം രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പി.ടി.എ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസുകളിൽ ജോലിനോക്കുന്നതും സർക്കാർ നിശ്ചയിച്ച യോഗ്യതയുള്ളതുമായ അധ്യാപികയ്ക്ക് 5000/- രൂപയും ആയയ്ക്ക് 3500/- രൂപയും പ്രതിമാസം ഒണറേറിയമായി അനുവദിക്കുന്നതിന് അനുവാദം നകിയിട്ടുണ്ട്.

(സി) നഴ്സറി അധ്യാപകർക്കും ആയമാർക്കും മെച്ചപ്പെട്ട ശമ്പളം നൽകണമെന്ന ഹൈക്കോടതി വിധിക്കെതിരെ സുപ്രിം കോടതിയിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായോ; അതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരുന്നു; സുപ്രീം കോടതി നൽകിയ നിർദ്ദേശം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ബഹു ഹൈക്കോടതിയുടെ ഉത്തരവ് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാകയാൽ ഇക്കാര്യം ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപ്പിലാക്കാൻ കൂടുതൽ സമയം ആവശ്യമായി വന്ന സാഹചര്യത്തിൽ കോടതി വിധി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടതിനെ തുടർന്നാണ് ബഹു. സുപ്രീകോടതിയിൽ അപ്പീൽ ഫയൽ ചെയ്തത്. ബഹു. സുപ്രീകോടതിയുടെ ഉത്തരവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെയുണ്ടായിരുന്നില്ല.

(ഡി) കോടതി നിർദ്ദേശം പൂർണ്ണമായും എപ്പോൾ നടപ്പിലാക്കും?

(ഡി) കോടതി നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

| ജില്ല | പി.ടി.എ നിയമിച്ച പ്രീ-പ്രൈമറി അധ്യാപകർ | പി.ടി.എ നിയമ പ്രീ-പ്രൈമറി ആയമാർ | സർക്കാർ നിയമിച്ച പ്രീ-പ്രൈമറി അധ്യാപകർ | സർക്കാർ നിയമിച്ച പ്രീ-പ്രൈമറി ആയമാർ |
|---|---|---|---|---|
| തിരുവനന്തപുരം | 446 | 334 | 17 | 13 |
| കൊല്ലം | 256 | 216 | 6 | 3 |
| കോട്ടയം | 66 | 36 | 5 | 3 |
| ആലപ്പുഴ | 135 | 78 | 3 | 2 |
| ഇടുക്കി | 30 | 30 | 3 | 1 |
| പത്തനംതിട്ട | 50 | 42 | 1 | 2 |
| എറണാകുളം | 151 | 78 | 8 | 6 |
| തൃശ്ശൂർ | 106 | 49 | 4 | 4 |
| മലപ്പുറം | 177 | 96 | 2 | 1 |
| പാലക്കാട് | 88 | 42 | 2 | 1 |
| കോഴിക്കോട് | 32 | 12 | 3 | 4 |
| വയനാട് | 50 | 11 | 0 | 1 |
| കണ്ണൂർ | 47 | 14 | 4 | 4 |
| കാസർഗോഡ് | 38 | 20 | 1 | 1 |